# അടിമത്തത്തിന്റെ ബൈബിൾചരിത്രപാഠങ്ങൾ

ഡോ. സ്മിതാ ഡാനിയേൽ. എസ്. എൽ,
അസി. പ്രൊഫസർ ഓൺ കോൺട്രാക്റ്റ്, മലയാള വിഭാഗം, ക്രിസ്ത്യൻ കോളേജ്, കാട്ടാക്കട

### പ്രബന്ധസംഗ്രഹം

അടിമത്തചരിത്രം ബൈബിളിലെ സംഭവവികാസങ്ങളുടെ അടിസ്ഥാനത്തിൽ അപഗ്രഥിക്കുന്നതിൽ സാംഗത്യം ഏറെയാണ്. പഴയ-പുതിയനിയമസംഹിതകളിലൂടെ അവതീർണമാകുന്ന അടിമത്തത്തിന്റെ സൂക്ഷ്മവിശകലനവും അതിലെ നിലപാടുകളും വിവരണാത്മകസമീപനത്തിലൂടെ അവതരിപ്പിക്കുകയാണീ പ്രബന്ധത്തിന്റെ ലക്ഷ്യം. ബൈബിളിലെ അടിമത്തചരിത്രസന്ദർഭങ്ങളും അന്തർലീനമായിരിക്കുന്ന വിമോചന കാഴ്ചപ്പാടുകളും എന്തൊക്കെയാണെന്ന് ഇതിൽ ചർച്ച ചെയ്യുന്നു.

**താക്കോൽ വാക്കുകൾ:** അടിമത്തം, വംശീയത, പ്രവാസം, വിമോചനം, ചരിത്രാവബോധം

### ആമുഖം

അധികാരവും നിയന്ത്രണവും അന്തർലീനമായിരിക്കുന്ന ആശയതലത്തിന്റെ ബഹിർസ്ഫുരണമാണ് അടിമത്തം. ആധിപത്യസ്വാധീനത്തിന് സമർപ്പിക്കപ്പെടുന്ന അവസ്ഥ. കീഴ്വഴക്കങ്ങൾക്കു വിധേയമായി സ്വത്വം മാറിമറിയുന്ന സ്ഥിതിവിശേഷം. ഉടമ/അടിമ ദ്വന്ദ്വപരികല്പനകളിൽ നിന്നും ഉയിർകൊണ്ട സംജ്ഞ ഇങ്ങനെയെല്ലാം ഭിന്നതലങ്ങളിൽ വായിക്കപ്പെടുന്നതും അനുഭവവേദ്യമാകുന്നതുമായ അടിമത്തത്തിന് വ്യക്തിയുടെമേൽ ശക്തമായ സ്വാധീനമുണ്ട്. 'അടിമയുടെ അവസ്ഥയാണ് അടിമത്തം' (അമേരിക്കൻ-ഇംഗ്ലീഷ് നിഘണ്ടു) വ്യക്തിയുടെ ഇംഗിതങ്ങൾക്കുമേൽ സ്ഥാപിക്ക പ്പെടുന്ന നിർബന്ധിത

അധികാരതലമാണ് അടിമത്തത്തിന്റെ അടിസ്ഥാനം. ജീവിതം, സ്വാതന്ത്ര്യം, ഭാഗ്യം എന്നിവ നിയന്ത്രിക്കപ്പെടുന്ന യജമാനസമീപനമാണതിൽ സർവ്വസാധാരണം. ഒരാൾ മറ്റൊരാൾക്കോ മറ്റുള്ളവരോടോ സ്വമേധയാവിധേയമാകുന്നതിനെയും അടിമത്തമായി വിലയിരുത്തുന്നു. ഒരു വ്യക്തിയെ മറ്റൊരാൾക്കു വിധേയമാക്കുക, ചില സ്വാധീനത്തിനും ശീലത്തിനും വിധേയമാക്കുക, കഠിനജോലികൾ കുറഞ്ഞവേതനത്തിൽ ചെയ്യിക്കുക ഇവയും അടിമത്തത്തിന്റെ ഭാഗമാണ്.

പ്രവർത്തനസ്വാതന്ത്ര്യത്തിന്റെ അഭാവവും ഇച്ഛാശക്തിയുമായുള്ള വ്യക്തിയുടെ സംഘർഷവും അടിമത്തത്തിന്റെ സ്ഥാപിതതാല്പര്യത്തിൽ ഉൾപ്പെടും. അടിമ മറ്റൊരു വ്യക്തിയുടെ സ്വത്താണ്. ആ വ്യക്തിയ്ക്കായി പ്രവർത്തിക്കേണ്ടി വരുന്ന അവസ്ഥ; സ്വന്ത ഇഷ്ടങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുവാൻ നിർബന്ധിതരാകുന്ന അനുഭവം. അടിമത്തത്തെക്കുറിച്ചുള്ള പൊതുബോധം ഇങ്ങനെയെല്ലാം വെളിപ്പെടുമ്പോഴും അടിമത്തം ഒരു സ്വാഭാവിക കാര്യമാണെന്ന് അരിസ്റ്റോട്ടിൽ പറയുന്നു. അടിമകൾ/അടിമകളല്ലാത്തവർ എന്നിങ്ങനെ മനുഷ്യർ രണ്ടുതരത്തിലാണെന്നു അദ്ദേഹം 'പൊയറ്റിക്സിൽ' രേഖപ്പെടുത്തിയിട്ടുണ്ട്. വിപണനസാധ്യതയുടെ ലാഭനഷ്ടങ്ങൾ കണക്കിലെടുത്ത് അടിമകളെ വിനിമയം ചെയ്തിരുന്ന സന്ദർഭങ്ങളും ചരിത്ര വസ്തുതകളാണ്. അടിമകളെ പിടികൂടുന്ന രീതിയും നിലനിന്നിരുന്നു. ജന്മനാ അടിമക ളാക്കപ്പെടുന്നവരും വിരളമല്ല. സാമൂഹിക ബന്ധങ്ങൾ നിഷേധിച്ച്, സാംസ്കാരിക ഇടങ്ങൾ വിച്ഛേദിച്ച് ഉടമകളുടെ അധികാരത്തിന് കീഴ്പ്പെടുത്തി അവകാശങ്ങൾ നിഷേധിക്കുന്ന രീതിയാണ് അടിമകൾക്കു വിധിച്ചിരുന്നത്. അടിമകളുടെയും മെരുക്കിയ മൃഗങ്ങളുടെയും ഉപയോഗം സമാനമായിരുന്നു. നിർബന്ധിത അധികാരത്തിന്റെ ഭാഗമാകുന്നതിലൂടെ അടിമത്തം വ്യവസ്ഥയായി പരിണമിക്കുന്നു.

അടിമത്തത്തിന്റെ എല്ലാ അർത്ഥതലങ്ങളിലും ഉപയോഗിക്കപ്പെടുന്ന പദമാണ് 'സ്ക്ലാവ'. 'സ്ലാവോണിക് ക്യാപ്റ്റീവ്' എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് 'അടിമത്ത' മെന്ന പദം രൂപം കൊണ്ടത്. ഒൻപതാം നൂറ്റാണ്ടിൽ സ്ലാവോണിക് ജനത അടിമത്തത്തെ സൂചിപ്പിക്കാനുപയോഗിച്ചതും 'സ്ക്ലാവ' എന്ന പദമാണ്. തടവിലാക്കപ്പെടുകയും ജീവിതം സ്വന്ത ഇഷ്ടപ്രകാരം പിന്തുടരാൻ കഴിയാതിരിക്കുകയും ചെയ്യുന്ന അനുഭവവും അടിമത്തമാണ്. ലീഗ് ഓഫ് നേഷന്റെ നിർവചനത്തിൽ. 'ഒരു മനുഷ്യൻ അന്യന്റെ സമ്പൂർണ്ണാധികാരത്തിന് വിധേയനായിത്തീരുന്ന സ്ഥിതിയാണ് അടിമത്തം'. വ്യക്തിയിൽ നിന്നും

സമൂഹത്തിലേയ്ക്കും അവിടെ നിന്നും രാഷ്ട്രത്തിലേക്കും വ്യാപിച്ച കിടക്കുന്ന ബൃഹത്തായ സ്ഥിതിവിശേഷമാണിത്. ആദ്ധ്യാത്മികതയുടെ മണ്ഡലത്തിലും അടിമത്തം പ്രബലമാണ്. അധികാരവും വിശ്വാസവും കെട്ടുപിണഞ്ഞു കിടക്കുന്ന സങ്കീർണ്ണമായ ജീവിതചര്യയാണ് മതാത്മക അടിമത്തത്തിന് നിദാനം.

മതവുമായി ബന്ധപ്പെട്ട അടിമത്ത വിചിന്തനങ്ങൾക്ക് പ്രാധാന്യം നല്കുന്ന സവിശേഷപഠനമാണിത്. പ്രത്യകിച്ചും ബൈബിൾ മുന്നോട്ടു വയ്ക്കുന്ന അടിമത്ത അനുഭവങ്ങളെ ചരിത്രാത്മകമായും ദാർശനികമായും വിലയിരുത്തി, ക്രൈസ്തവ സാംസ്കാരിക പശ്ചാത്തലത്തിൽ അപഗ്രഥിക്കുകയാണ് മുഖ്യലക്ഷ്യം. ഭിന്ന മതസംഹിതകളിൽ അടിമത്തത്തെക്കുറിച്ച് പരാമർശിച്ചിട്ടുള്ള വസ്തുതകളെ സാമാന്യമായി അവലോകനം ചെയ്ത്, വിഷയസംബന്ധിയായ വസ്തുതകളുടെ സ്ഥൂലവിവരണത്തിന് ഊന്നൽ നല്കാൻ ശ്രമിച്ചിട്ടുണ്ട്.

### മതനിരീക്ഷണങ്ങൾ

വൈദികമതത്തിന്റെ അവിഭാജ്യഘടകമാണ് വർണാശ്രമധർമ്മം. ഋഗ്വേദത്തിലെ പുരുഷസൂക്തത്തിൽ പ്രതിപാദിതമാകുന്ന ഈ വ്യവസ്ഥ, ബ്രാഹ്മണനെ ഉത്തമനും ശൂദ്രനെ അധമനുമായി കാണാൻ പ്രേരണയുളവാക്കുന്നതാണ്. പരമപുരുഷന്റെ ശിരസ്സിൽ നിന്ന് ബ്രാഹ്മണനും പാദങ്ങളിൽ നിന്നും ശൂദ്രനും സൃഷ്ടിക്കപ്പെട്ടുവെന്നാണ് ഐതിഹ്യം. ദൈവപാദങ്ങളിൽ നിന്നുണ്ടായവർ, പാദസേവ ചെയ്യാൻ വിധിക്കപ്പെട്ട വരാണെന്ന വിശ്വാസം ശൂദ്രരെ ദാസ്യവേലയ്ക്ക് നിർബന്ധിതരാക്കി. മുജ്ജന്മപാപ ഫലമാണ് ശൂദ്രജന്മമെന്നും അടുത്ത ജന്മത്തിൽ സവർണ്ണനായി ജനിക്കണമെങ്കിൽ ഈ ജന്മം സവർണ്ണപാദസേവ നിർവ്വഹിക്കേണ്ടത് അനിവാര്യമാണെന്നും വേദവ്യാഖ്യാനങ്ങൾ അവരെ ബോധ്യപ്പെടുത്തി. പാപപുണ്യങ്ങളുടെ ഫലപ്രാപ്തി ലഭ്യമാകുന്നത് ഇത്തരം ചില കർമ്മാനുഷ്ഠാനങ്ങളിലൂടെയാണെന്ന തെറ്റിദ്ധാരണ സമൂഹമനസ്സിൽ ശക്തമായതോടെ അടിമത്തത്തിന്റെ അന്തർധാരയിലേയ്ക്കാണ് മനുഷ്യർ കടന്നെത്തിയത്. മൃഗങ്ങളോടുള്ളതിനെക്കാൾ നീചവും നികൃഷ്ടവുമായ സമീപനമാണ് അടിമകളോട് പുലർത്തിയിരുന്നതെന്ന് ഛന്ദോഗ്യോപനിഷത്തും മനുസ്മൃതിയുമെല്ലാം സാക്ഷ്യപ്പെടുത്തുന്നു. ക്ഷേത്രങ്ങളോട് ബന്ധപ്പെട്ട് അടിമവ്യാപാരം നിലനിന്നിരുന്നതായി ശിലാലിഖിതങ്ങളിൽ നിന്നും മനസ്സിലാക്കാം. ജാതിഘടനയിലെ വേർതിരിവുകൾ അടിമ-ഉടമ നിർണയത്തെ ശക്തമായി സ്വാധീനിച്ചിരുന്നു. ആര്യന്മാരെ അടിമകളാക്കരുതെന്ന അർത്ഥശാസ്ത്രത്തിലെ വിധി ഇതിനെ സാധൂകരിക്കുന്നതാണ്.

ഖുർ-ആനിലും അടിമത്തത്തെക്കുറിച്ച് വ്യക്തമായ പരാമർശങ്ങളുണ്ട്.

അടിമയുടെയും ഉടമയുടെയും മാനസികാവസ്ഥയെ മുൻനിർത്തിയാണ് ഖുർ-ആനിലെ അടിമത്ത വിവരണം. അധമത്വത്തിന്റെ മാനസികക്രമം അടിമയിലും അഹങ്കാരത്തിന്റ മാനസികക്രമം ഉടമയിലുണ്ടെന്നാണ് അതിലെ വിവക്ഷ. വിരുദ്ധധ്രുവങ്ങളിൽ പ്രതിഫലിക്കുന്ന ഈ മാനസിക വ്യാപാരത്തിന്റെ അടിസ്ഥാനത്തിൽ അടിമത്തത്തെ നിരോധിക്കുന്ന നിയമവ്യവസ്ഥയല്ലാ ഇസ്ലാംമതം മുന്നോട്ടു വയ്ക്കുന്നത്. പ്രത്യുത അത് നിർമ്മാർജ്ജനം ചെയ്യാനുള്ള പ്രായോഗിക വശങ്ങൾ കണ്ടെത്തുകയാണ്. അടിമയെയും ഉടമയെയും സംസ്കരിക്കുന്ന പദ്ധതിയാണ് ഖുർ-ആനിലുള്ളത്. അധ്വാനത്തിലൂടെ സ്വാതന്ത്ര്യം നേടിയെടുക്കാനാവശ്യമായ വഴികൾ ഇസ്ലാംമതസംഹിതയിലുണ്ട്. സ്വാതന്ത്ര്യം ദാനമായി ലഭിക്കുന്നതിന് വ്യക്തിയെ പ്രാപ്തനാക്കുന്ന ആശയമാണ് അതിൽ നിഴലിക്കുന്നത്. ബലിയും വ്രതവും സക്കാത്തും പോലെ അടിമമോചനവും പുണ്യം സിദ്ധിക്കുന്ന ഒരു സത്കർമ്മമായി ഖുർ-ആനിൽ പ്രസ്താവിച്ചിട്ടുണ്ട്. അടിമത്ത നിരോധനത്തെ ഖുർ-ആൻ പ്രോത്സാഹിപ്പിക്കുന്നില്ല. അടിമകളെ ഭൗതികസ്വത്തായി പരിഗണിച്ചിരുന്ന പശ്ചാത്തലത്തിൽ ദൈവപ്രീതിക്കായി ഈ സ്വത്തിനെ പരിത്യജിക്കാനുള്ള ആഹ്വാനമാണ് അതിലുള്ളത്.

### ബൈബിൾ ചരിത്രാഖ്യാനം

അടിമത്തത്തെക്കുറിച്ച് ബൈബിൾ അടയാളപ്പെടുത്തിയിട്ടുള്ള വസ്തുതകളെ വിശകലനം ചെയ്യുന്നതിന് മുന്നോടിയായാണ് മറ്റു ചില മതങ്ങളിലെ പരാമർശങ്ങളെ സംക്ഷിപ്തമായി രേഖപ്പെടുത്തിയത്. പഴയ-പുതിയ നിയമങ്ങളുടെ സമന്വയമാണ് ബൈബിൾ. സാമാന്യം വിശദമായ പ്രതിപാദനമാണ് അടിമത്തത്തെക്കുറിച്ച് ബൈബിളിലുള്ളത്. അടിമത്തത്തെ ഒരു സ്ഥാപിതസ്ഥാപനമായതിൽ പറയുന്നു. അടിമകളുടെ ഉത്ഭവവും അവരുടെ നിയമപരമായ നിലയും അടിമത്തത്തിലെ സാമ്പത്തികമായ ഇടപെടലും വ്യക്തമായി ബൈബിളിൽ വിവരിച്ചിട്ടുണ്ട്. യിസ്രായേൽ ജനതയുടെ അടിമത്തത്തിന്റെ ബൃഹത്തായ സംഭവപരമ്പരകളും യഹൂദാജനതയുടെ ജീവിതക്രമത്തിന്റെ ഭാഗമായി നിലനിന്ന അടിമത്ത നിലപാടുകളും വിവരിക്കുന്നതോടൊപ്പം വാഗ്ദാനം ചെയ്ത മാനുഷിക കാഴ്ചപ്പാടുകളിലേയ്ക്കും അവ വിരൽചൂണ്ടുന്നു.

### പഴയനിയമ വീക്ഷണം

ബൈബിളിലെ അടിമത്തചരിത്രത്തിന്റെ പ്രാരംഭം യിസ്രായേൽജനതയെ കേന്ദ്രീകരിച്ചുള്ളതാണ്. ദൈവത്തിന്റെ സ്വന്തജനമെന്ന വിശേഷണം നല്കപ്പെട്ടി ട്ടുള്ളവരാണ് യിസ്രായേല്യർ. അവർ അനുഭവിച്ച 430 വർഷത്തെ ദീർഘ

അടിമത്ത ചരിത്രമാണ് പുറപ്പാടുപുസ്തകത്തിലുള്ളത്. യിസ്രായേല്യർ അടിമക ളാകുന്നതിന് കാരണമായ സംഭവം ഉല്പത്തി: 15: 1-14 വരെയുള്ള ഭാഗത്തിൽ കാണാം. ഗോത്രപിതാവായ അബ്രഹാമിനോട് ദൈവം അരുളിചെയ്ത ഒരു യാഗാർപ്പണത്തിലെ പിഴവാണ് നാന്നൂറു സംവത്സരത്തെ പ്രവാസത്തിലേയ്ക്കും അടിമത്തത്തിലേയ്ക്കും പിൻതല മുറയെ നയിച്ചത്.

ബൈബിളിലെ അടിമത്തചരിത്രം ഭൗതികമായി ഒരു ദേശം നേരിട്ട അരക്ഷിതാ വസ്ഥയെ തരണം ചെയ്യാനായി ജനങ്ങൾ കണ്ടെത്തിയ പലായ നത്തിൽ നിന്നും ഉയിർ കൊണ്ടതാണ്. ഭൂമിയിൽ എങ്ങും കഠിനമായിത്തീർന്ന ക്ഷാമത്തെ അതിജീവിക്കാനായി അബ്രഹാമിന്റെ പിൻതലമുറക്കാർ മിസ്രയീ മിലെത്തുന്നതോടെയാണ് അടിമചരിത്രം ആരംഭിക്കുന്നത്. മിസ്രയീമിലെ ഫറവോ, തന്റെ ദേശത്തിന് മേലധികാരിയായി നിയ മിച്ച വ്യക്തിയാണ് യോസേഫ്. അബ്രഹാമിന്റെ മൂന്നാംതലമുറയിൽപ്പെട്ട ഇദ്ദേഹം സഹോദര ന്മാരാൽ ചതിക്കപ്പെട്ട് മിസ്രയിം ദേശത്ത് എത്തിയതാണ്. യോസേഫിന്റെ ഭരണപരിഷ്കാരങ്ങളിൽ സംപ്രീതനായ അന്നത്തെ ഫറവോ അദ്ദേഹത്തിന് ഔന്നത്യ പദവി നല്കി ആദരിച്ചു. പില്കാലത്ത് കഠിനക്ഷാമത്താൽ വലഞ്ഞ് യേസേഫിന്റെ പിതൃസഹോദരവർഗ്ഗം മിസ്രയീമിലെത്തുന്നു. ക്ഷാമവും പലായനവും അടിമത്തവും പ്രവാസജീവിതവുമായി ഉൾച്ചേർന്ന ഒരു നീണ്ട വിവരണം അടിമത്ത ചരിത്രാഖ്യാ നത്തിൽ ഉണ്ട്. യോസേഫുമായി ബന്ധപ്പെട്ട് മിസ്രയീമിലെത്തിയത് എഴുപതുപേരാണ്. ഫറവോൻ അവർക്കു മിസ്രയീമിലെ 'ഗോശെൻ' എന്ന സ്ഥലത്ത് സകല അവകാശവും നല്കി പാർപ്പിച്ചു. (ഉല്പത്തി: 47:27) യോസേഫും സഹോദരന്മാരും അവരുടെ തലമുറ യൊക്കെയും മരണ പ്പെടുന്നതുവരെ മിസ്രയീമിൽ അടിമത്താവസ്ഥ അനുഭവിക്കേണ്ട അവസ്ഥ യിസ്രായേല്യർക്കുണ്ടായില്ല. ഇവരുടെ കാലശേഷം യിസ്രായേൽജനതയുടെ കാര്യാദികൾ അറിയാത്ത പുതിയൊരു രാജാവ് (ഫറവോ) മിസ്രയീമിൽ ഭരണാധി കാരിയാകുന്നു. അടിമത്തത്തിന്റെ തീക്ഷ്ണമായ ചരിത്രത്തിന് തിരി തെളിയുന്നത് അവിടെയാണ്.

യിസ്രായേൽജനതയുടെ ബാഹുല്യവും ശക്തിയും ദേശത്തിലെ അവരുടെ വളർച്ചയും കണ്ട് ഭയന്ന മിസ്രയീമിലെ പുതിയ ഫറവോ അവരെ കഠിനവേല ചെയ്യിച്ച് തികച്ചും അടിമകളാക്കി. ഫറവോന്റെ ഏകാധിപത്യത്തിൻ കീഴിൽ മിസ്രയീമിലെ അടിമ വ്യവസ്ഥിതി സംഘടിതമായിരുന്നു. ഫറവോൻ, ഫറവോന്റെ കീഴിൽ ഭരണസാരഥ്യം വഹിക്കുന്ന മിസ്രയീംപ്രമാണികൾ, അവർക്കു വിധേയമായി അടിമസംഘങ്ങളുടെ വേലയ്ക്കു ചുമതല വഹിക്കുന്ന

മിസ്രയീം ഊഴിയവിചാരകന്മാർ, അവരുടെ ചൊൽപ്പടിയിൽ അടിമസംഘങ്ങളെക്കൊണ്ടു വേല ചെയ്യിക്കുന്ന യിസ്രായേൽപ്രമാണികൾ, എല്ലാറ്റിനും കീഴിൽ കഠിനാധ്വാനം തെറ്റി ഒഴിയുവാൻ ഒരു മാർഗ്ഗവുമില്ലാതെ സാമൂഹ്യയന്ത്രത്തിന്റെ മുഴുവൻ ഭാരവും വഹിക്കുന്ന അടിമസംഘങ്ങൾ ഇങ്ങനെ ശ്രേണീബദ്ധമായ അധികാരഘടനയ്ക്കുള്ളിൽ തളച്ചിടപ്പെട്ടവരായിരുന്നു അടിമകൾ. അധികാര വർഗ്ഗത്തിന്റെ ആധിപത്യവും അടിമവർഗ്ഗത്തിന്റെ നീചനിലയും നിലനിർത്തിയുള്ള അടിമത്തവ്യവസ്ഥയാകട്ടെ, സമാധാനലംഘനം കൂടാതെ മർദ്ദനത്തിലധിഷ്ഠിതമായിരുന്നു. യിസ്രായേല്യരുടെ വംശവർദ്ധന തടയുന്നതിന് അവരിൽ ജനിക്കുന്ന ആൺകുഞ്ഞുങ്ങളെ നൈൽനദിയിൽ എറിഞ്ഞുകളയാൻ രാജകല്പനയും പുറപ്പെടുവിച്ചു. മാനസിക-ശാരീരികപീഡനങ്ങൾക്കുപരി വംശഹത്യക്കു കൂടി മുതിരുന്ന അടിമത്തത്തിന്റെ ഭീകരമുഖം പുറപ്പാടു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അടിമത്തത്തിന്റെ ശോചനീയമായ അവസ്ഥയിൽ വിശ്വാസകേന്ദ്രിതമായ ഒരു വിമോചനയത്നത്തിനു തയ്യാറാകുകയാണ് യിസ്രായേൽജനത. 'യിസ്രായേൽ മക്കൾ അടിമവേല നിമിത്തം നെടുവീർപ്പിട്ടു നിലവിളിച്ചു; അടിമവേല ഹേതുവായുള്ള നിലവിളി ദൈവസന്നിധിയിൽ എത്തി' (പുറപ്പാട്: 2: 23) ഈ സന്ദർഭത്തിൽ തന്റെ സ്വന്ത ജനതയെ വിടുവിക്കുന്നതിന് യഹോവ മുൻകൈയ്യെടുത്തു. സുസ്ഥിരമായൊരു നവ വ്യവസ്ഥിതി സൃഷ്ടിക്കുന്നതിന് മിസ്രയീമിൽ നിന്നുള്ള സ്വാതന്ത്ര്യം അനിവാര്യമായിരുന്നു. ഈ സ്വാതന്ത്ര്യാവസ്ഥയിലേയ്ക്കു നയിക്കാൻ ദൈവം തന്റെ ജനതയ്ക്കു വാഗ്ദാനം ചെയ്ത ദേശമാണ് കനാൻ. അതു സാമൂഹികസ്വാതന്ത്ര്യത്തിന്റെയും സാമ്പത്തിക-ഭൗതികാഭിവൃദ്ധിയുടെയും പ്രതീകമാണ്. 'അടിമവീട്ടി'ൽ (ബൈബിളിൽ 'മിസ്രയീം' ദേശത്തെ വിശേഷിപ്പിച്ചിരിക്കുന്ന പദം) നിന്നും സ്വപ്നഭൂമിയായ 'കനാനി'ലേയ്ക്കുള്ള പ്രയാണത്തിന് വിമോചനനേതൃത്വം വഹിക്കുന്നതിന് യഹോവ തിരഞ്ഞെടുത്ത വ്യക്തിയാണ് മോശെ. മിസ്രയീമിൽ അടിമകളായിരുന്ന അമ്രാം, യോഖേബേദ് എന്നീ ദമ്പതികളുടെ പുത്രനായി ജനിച്ച മോശെ വളർന്നതാകട്ടെ ഫറവോന്റെ കൊട്ടാരത്തിലും. രണ്ടു സാംസ്കാരികാന്തരീക്ഷം ഉണർത്തിയ അറിവും ആവേശവും മോശെയ്ക്കു അധികാരകേന്ദ്രത്തെ അഭിമുഖീകരിക്കുന്നതിന് ധൈര്യമേകി. ഫറവോയുടെ മുന്നിൽ സ്വദേശത്തേക്കു മടങ്ങുന്നതിനുള്ള ആവശ്യം ഉന്നയിക്കുന്നതു മോശെയാണ്. ഭിന്നശേഷിക്കാരനായ മോശെയുടെ ധീരമായ നിലപാടുകൾ അടിമത്തത്തിന്റെ ചങ്ങലകൾ പൊട്ടിച്ചെറിയാൻ പര്യാപ്തമായവയായിരുന്നു. അവ വിശ്വാസാധിഷ്ഠിത

മാണെന്നതും ശ്രദ്ധേയമാണ്.

മിസ്രയീം അടിമത്തത്തിൽ നിന്നും വിമോചനയാത്ര നടത്തിയ യിസ്രായേൽ ജനതയ്ക്കു ദൈവം മോശെ മുഖാന്തരം നല്കുന്ന കല്പനകളിൽ (ന്യായപ്രമാണം) അടിമകൾക്കുള്ള സ്വാതന്ത്ര്യവും അവകാശവും സവിസ്തരം പ്രതിപാദിക്കുന്നു. അവയിൽ യിസ്രായേല്യദാസനും മിസ്രയീമ്യദാസനും ഒരേ സ്വാതന്ത്ര്യവിധിക്രമങ്ങളാണുള്ളത്. ഒരു യിസ്രായേല്യദാസനെ വിലയ്ക്കു വാങ്ങിയാൽ അതു ആണായാലും പെണ്ണായാലും ആറു വർഷം സേവിച്ചിട്ടു, ഏഴാം വർഷത്തിൽ അവരെ സ്വതന്ത്രരായി വിടണം. ഈ ന്യായത്തിന്മേൽ അടിമത്തത്തിന്റെ ഒരു പിന്തുടർച്ചാവിധി കൂടിയുണ്ട്. “അടിമയ്ക്കു യജമാനൻ ഭാര്യയെ കൊടുക്കുകയും അതിൽ മക്കളുണ്ടാക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ ഭാര്യയും മക്കളും യജമാനനു ദാസ്യവൃത്തി തുടരണം” (പുറപ്പാട്: 21: 4) സ്വാഭാവികമായും ഈ അടിമകുടുംബം ആജീവനാന്തം യജമാനനു ദാസ്യവൃത്തി ചെയ്യേണ്ടി വരുന്നു. സ്വതന്ത്രനാകാൻ വിധിക്കപ്പെട്ട അടിമ, താൻ സേവിക്കുന്ന യജമാനെയും തന്റെ ഭാര്യയെയും മക്കളെയും വിട്ട് സ്വതന്ത്രനാകുന്നില്ല എന്ന് ദൃഢനിശ്ചയം ചെയ്താൽ അവനെ സ്ഥിരാടിമയാകാൻ അനുവദിച്ചിരുന്നു. ഏഴാം സംവത്സരത്തിലാണ് ഈ വിധിക്രമം നടക്കുന്നത്. സ്ഥിരാടിമകളാകുന്നതിന് പ്രത്യേക അടയാളരീതി നിർണയിച്ചിട്ടുണ്ട്. തീരുമാനമെടുത്ത അടിമയെ ദൈവസന്നിധിയിൽ കൊണ്ടു വന്ന് കതകിന്റെയോ കട്ടളക്കാലിന്റെയോ അടുക്കൽ നിറുത്തീട്ടു സൂചികൊണ്ടു കാതു കുത്തിത്തുളയ്ക്കേണം. അതിനുശേഷം അടിമ എന്നേക്കും യജമാനനു ദാസനാകും. അടിമത്തം വ്യവസ്ഥാപിതഘടനയായി പ്രബലപ്പെടുന്നതിന്റെ ചരിത്രസാക്ഷ്യമാണിത്.

സകലദേശനിവാസികൾക്കും അടിമകളുൾപ്പെടെയുള്ളവർക്കും സ്വാതന്ത്ര്യം ലഭ്യമാകുന്ന വർഷമാണ് യോബേൽ സംവത്സരം. മിസ്രയീംദേശത്തു നിന്നും അടിമകളാക്കിയവരെ, അടിമകളായി വിൽക്കാതെ സമ്പൂർണ്ണസ്വാതന്ത്ര്യത്തോടെ മടങ്ങിപ്പോ കാൻ അവസരം നല്കുന്ന കാലയളവാണിത്. ഇതിനനന്തരം മിസ്രയീമ്യരെ അടിമകളാക്കാതെ ചുറ്റുമുള്ള ജാതികളിൽ നിന്നും അടിയാരെയും അടിയാട്ടികളെയും കൈക്കൊ ള്ളണമെന്ന് നിയമം അനുശാസിക്കുന്നു. തദ്വാരാ അന്യജാതിക്കാരും സ്വദേശികളുമായ വർ അടിമഗണത്തിലുൾപ്പെടുന്ന രീതി നിലവിൽ വന്നു. സ്വാതന്ത്ര്യവും അടിമത്തവും ഇടകലർന്ന അവസ്ഥയിൽ അധികാരങ്ങൾക്കു സമ്പൂർണമായും കീഴ്പ്പെടാൻ വിധിക്ക പ്പെട്ടവരാണ് അടിമകൾ. അടിമയോടുള്ള ക്രൂരപീഡനങ്ങളിൽ വീഴ്ചയുണ്ടാകുന്ന പക്ഷം യജമാനൻ ശിക്ഷ അനുഭവിക്കണമെന്ന നിയമം

വിരോധാഭാസമാണ്. 'യജമാനൻ ദാസിയെയോ ദാസനെയോ തൽക്ഷണം മരിച്ചു പോകത്തക്കവണ്ണം വടികൊണ്ട് അടിച്ചാൽ നിശ്ചയമായി ശിക്ഷിക്കേണം.' (പുറപ്പാട്: 21: 20) എങ്കിലും അടി കൊണ്ട അടിമ ഒന്ന രണ്ടു ദിവസം ജീവിച്ചിരുന്നാൽ യജമാനനെ ശിക്ഷിക്കരുതെന്നും രേഖപ്പെടുത്തിയിട്ടുണ്ട് 'അടിമ യജമാനന്റെ മുതൽ അല്ലോ' (പുറപ്പാട്: 21: 21) 'മുതൽ' എന്നാൽ 'മൂലധനം' എന്നർത്ഥം. ആകെ സമ്പാദ്യത്തിൽ ഉൾപ്പെടുന്ന ഒരു വസ്തുവായിരുന്നു അടിമയും. കേടുപാടുള്ളതിനെ നീക്കം ചെയ്യുന്നതുപോലെ അടിമകൾക്കും അംഗവൈകല്യം സംഭവിച്ചാൽ അവരെ പിന്നീട് കൂടെ നിർത്തിയിരുന്നില്ല. 'ഒരുത്തൻ അടിച്ചിട്ടു ദാസന്റെയോ ദാസിയുടെയോ കണ്ണുപോയാലോ പല്ലു തകർത്താലോ പകരം അവരെ സ്വതന്ത്രരായി വിടണമെന്നും' (പുറപ്പാട് 21: 26, 27) ന്യായപ്രമാണത്തിലുണ്ട്.

സ്ത്രീ അടിമത്തത്തിന്റെ വിശദമായ ചരിത്രം ബൈബിളിൽ ഉണ്ട്. സ്ഥിരാടിമത്തവും ലൈംഗികാടിമത്തവും ഉൾക്കൊള്ളുന്ന അടിമത്തവ്യവസ്ഥിതിയാണ് അന്നു നിലനിന്നിരുന്നത്. ഗാർഹികപീഡനങ്ങളുടെ തിക്തഫലങ്ങളനുഭവിച്ച് ജീവിതം നയിച്ച സ്ത്രീ അടിമകളെ പേരെടുത്ത് പറയുന്നു. അബ്രഹാമിന്റെ ഭാര്യ സാറായ്ക്കു ദാസിയായിരുന്നത് മിസ്രയീമ്യ വംശജയായ ഹാഗാർ ആണ്. (ഉല്പത്തി:16:1) ഭാര്യയുടെ അവകാശാധികാരങ്ങളോടെ കഴിയാനുള്ള സ്വാതന്ത്ര്യം ഒരു ഭാഗത്ത് ലഭ്യമാകുമ്പോഴും മറു ഭാഗത്ത് അടിമത്തത്തിന്റെ കരാളഹസ്തങ്ങൾ അവളെ വരിഞ്ഞു മുറുക്കുന്നു. യജമാനനായ അബ്രഹാമിൽ തനിക്കു ജനിച്ച യിസ്മായേലിനെയും കൊണ്ട് മരുഭൂമിയിൽ മരണത്തെ മുഖാമുഖം കണ്ട ദാസിയാണ് ഹാഗാർ. പ്രവാസവും അടിമത്തവും കലുഷിതമാക്കിയ സാമൂഹ്യവ്യവസ്ഥിതിയിൽ സ്ത്രീ അടിമകളനുഭവിച്ച ചൂഷണം നിരവധി യാണ്. അഹശ്വരോസ് രാജാവിന്റെ കൊട്ടാരത്തിൽ അടിമകളാക്കപ്പെട്ടവരുടെ ഗണത്തിലുൾപ്പെട്ട യഹൂദാപെൺകുട്ടിയുടെ ചരിത്രം വെളിവാക്കുന്ന എസ്ഥേറിന്റെ ജീവിതവും പഴയനിയമത്തിലുണ്ട്. അടിമപ്പെൺകുട്ടികളെ രാജസന്നിധിയിൽ എത്തിക്കുന്നതിനു മുമ്പുള്ള ശുദ്ധീകരണക്രമവും മറ്റും അതിൽ സവിസ്തരം പ്രതിപാദിക്കുന്നു. ലൈംഗികാടിമത്തവും മാനസികപീഡനങ്ങളും പുരുഷകേന്ദ്രീകൃതമായ ഘടനയ്ക്കുള്ളിൽ ചിട്ടപ്പെടുത്തിയ നിയമങ്ങളായിരുന്നു. അവിവാഹിതരായ പെൺമക്കളെ അടിമകളാക്കി വില്ക്കാൻ ഒരു യിസ്രായേൽ പിതാവിന് അനുവാദമുണ്ട്. സംബന്ധത്തിന് നിയമിച്ച യജമാനന് പെൺകുട്ടിയെ ബോധിക്കാതിരുന്നാൽ അവളെ വീണ്ടെടു ക്കാൻ യജമാനൻ അനുവദിക്കണമെന്നതാണ് നിയമം. അവളെ ചതിച്ച് അന്യ ജാതിക്കാരനു വിൽക്കാൻ

യജമാനന്ന അനുവാദമില്ല. അവളെ തന്റെ പുത്രന്ന ദാസിയായി നിയമിച്ചു വെങ്കിൽ പുത്രിമാരുടെ ന്യായത്തിനു തക്കവണ്ണം അവളോടു പെരുമാറണം. പുത്രന്ന മറ്റു സ്ത്രീകളോടു സംബന്ധമുണ്ടായാൽ ദാസിയായവൾക്കു മൂന്നു കാര്യം ഉറപ്പാക്കണം; ഉപജീവനം, ഉടുപ്പ്, വിവാഹമുറ. ഇവ അവൾക്കു നൽകാതി രുന്നാൽ പണം വാങ്ങാതെ അവളെ സ്വതന്ത്രയാക്കണം ഇതാണു വ്യവസ്ഥ. അടിമത്തത്തിലും ലഭ്യമായിരുന്ന ഇത്തരം ചില സ്വാതന്ത്ര്യങ്ങൾ സ്ത്രീ ജീവിത ത്തിന് ആശ്വാസ മാണ്.

പ്രവാസ അടിമത്തത്തിനു പുറമെ സാമ്പത്തികാധഃപതനം വ്യക്തികളെ സ്വയം അടിമത്തത്തിലേക്കു നയിച്ചിരുന്നു. “നിന്റെ സഹോദരൻ ദരിദ്രനാ യിത്തീർന്നു തന്നെ ത്താൻ നിനക്കു വിറ്റാൽ അവനെക്കൊണ്ടു അടിമവേല ചെയ്യിക്കരുത്” (ലേവ്യ പുസ്തകം: 25:39) എന്നാണ് നിയമം. ദാരിദ്ര്യം അടിമ ത്തത്തിലേക്കു വഴിമാറുന്ന സന്ദർഭങ്ങളും ബൈബിളിൽ അടയാളപ്പെടുത്തി യിട്ടുണ്ട്. എലിശാ പ്രവാചകന്റെ ശിഷ്യരിൽ ഒരാളുടെ ഭാര്യ നിലവിളിക്കുന്നത് ഇങ്ങനെയാണ്. “നിന്റെ ദാസനായ എന്റെ ഭർത്താവു മരിച്ചു പോയി. ഇപ്പോൾ കടക്കാരൻ എന്റെ രണ്ടു മക്കളെ പിടിച്ചു അടിമകളാക്കുവാൻ വന്നിരിക്കുന്നു” (2 രാജാക്കന്മാർ:4: 1). കടം വീട്ടുന്നതിനുള്ള മൂലധനമായി അടിമകളെ കണ്ടിരുന്നു എന്നതിന്റെ തെളിവാണിത്.

പഴയനിയമചരിത്രത്തിൽ അടിമത്തത്തെക്കുറിച്ചും അടിമകൾക്കു അനു വദനീയമായ സ്വാതന്ത്ര്യത്തെക്കുറിച്ചും വിശദമായ വിവരണമുണ്ട്. അടിമബോ ധത്തിൽ നിഴലിക്കുന്ന ശ്രേഷ്ഠമായ വസ്തുത ദൈവത്തിന്റെ സർവ്വാധിപത്യവും വിശ്വാസദൃഢതയുമാണ്. അതു തലമുറകളിലേക്ക് പകരപ്പെടുന്നു. “ഞങ്ങൾ മിസ്രയീമിൽ അടിമകളായിരുന്നു; എന്നാൽ യഹോവ ബലമുള്ള കൈകൊണ്ടു ഞങ്ങളെ മിസ്രയീമിൽ നിന്നു പുറപ്പെടുവിച്ചു” (ആവർത്തനം: 6: 21). പൂർ വ്വികരിൽ നിന്നു ലഭ്യമാകുന്ന ഈ അറിവ് യഹോവയായ ദൈവത്തോട് നിലനിർത്തേണ്ട വിശ്വാസത്തിലധിഷ്ഠിതമാണ്. വിമോചിപ്പിച്ച ദൈവത്തെ ആരാധിക്കേണ്ട ഉത്തരവാദിത്തം യിസ്രായേൽജനതയിൽ നിക്ഷിപ്തമാകുന്നു. ആത്മീയവിധേയത്വത്തിലൂടെ കരഗതമാകുന്ന വൈയക്തിക-സാമൂഹിക സ്വാ തന്ത്ര്യത്തിന്റെ സമുന്നതമായ തലം പഴയനിയമ അടിമത്തചരിത്രത്തിലുണ്ട്. മറ്റൊരു തരത്തിൽ ബാഹ്യാടിമത്തം ആന്തരികാടിമത്തത്തിനു വഴി മാറുന്നു എന്നർത്ഥം.

### പുതിയനിയമ നിലപാട്

പുതിയനിയമത്തിലെ അടിമത്തചരിത്രനിലപാടുകൾ പഴയനിയമത്തിന്റെ

പിന്തുടർച്ചയാണ്. യജമാന-അടിമ ബന്ധത്തിൽ ആത്മീയ അടിമത്തത്തെ നിർവ്വചിച്ചിരിക്കുന്നു. 'രണ്ടു യജമാന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല' (മത്തായി: 6: 24) എന്നു പ്രസ്താവിക്കുന്നിടത്ത് ദൈവവും മാമോനും യജമാന സ്ഥാനത്തും മനുഷ്യർ അടിമയുടെ തലത്തിലുമാണ്. 'അടിമ'യ്ക്കു തത്തുല്യമായി പുതിയനിയമത്തിൽ പ്രയോഗിച്ചിരിക്കുന്ന പദമാണ് 'ദാസൻ'. അടിമത്തം ബാഹ്യമായ അടയാളപ്പെടുത്തലല്ലാ; പ്രത്യുത പാപത്തിൽ നിന്നുള്ള വിമോച നത്തിന്റെ സൂചനയാണ്. പാപവിമോചനത്തിലൂടെ ഹൃദയ വിശുദ്ധി പ്രാപിച്ച് ദൈവമക്കൾ എന്ന ശ്രേഷ്ഠപദവി നേടുക എന്നതാണ് പുതിയനിയമ അടിമ ത്തദർശനത്തിലുള്ളത്. പാപമാകുന്ന അടിമത്തത്തിൽ നിന്നുള്ള സ്വാതന്ത്ര്യം സാധ്യമാകുന്നത് ക്രിസ്തുവിന്റെ ദാസ്യത്വത്തിലൂടെയാണെന്ന്, പുതിയനിയമം സാക്ഷ്യപ്പെടുത്തുന്നു. വിരോധാഭാസമായി നിലനിൽക്കുന്ന ഈ വിമോചനകാ ഴ്ചപ്പാടിന് അടിസ്ഥാനം ക്രിസ്തുവിന്റെ പീഡാസഹനങ്ങളും ദാസ്യത്വവുമാണ്. "സ്വാതന്ത്ര്യത്തിനായിട്ടു ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി, ആകയാൽ അതിൽ ഉറച്ചു നില്പിൻ; അടിമനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുത്" (ഗലാത്യർ: 5: 1). ഇതൊരു മുന്നറിയിപ്പാണ്. ആത്മസ്വാതന്ത്ര്യം നേടുന്ന വ്യക്തി അതു ദുരുപയോഗം ചെയ്ത് പാപനുകത്തിൽ വീഴരുതെന്ന താക്കീത്.

മനുഷ്യരുടെ ബാഹ്യവും ആന്തരവും സാമൂഹികവും വ്യവസ്ഥാപിതവുമായ എല്ലാ അടിമത്തത്തിൽ നിന്നും മോചനം സാധ്യമാക്കുന്ന പ്രവർത്തനമാണ് ക്രിസ്തുവിലുള്ളത്. അടിമത്തത്തിൽ നിന്നുള്ള സമ്പൂർണ്ണ സ്വാതന്ത്ര്യമാണ് ദൈവരാജ്യ സംസ്ഥാപനത്തിന്റെ അളവുകോൽ. സ്നേഹാധിഷ്ഠിതമായ പുതിയ തത്ത്വസംഹിത പ്രാവർത്തികമാക്കുന്നതിലൂടെ പാർശ്വവത്ക്കരണവും വിഭാഗീ യതയും നിർമ്മാർജനം ചെയ്ത് ഒരു നവലോകനിർമ്മിതിക്കു തുടക്കമിടുകയാണ് പുതിയനിയമചരിത്രം.

സംവാദനിഷ്ഠമായ ഒരു ദ്വന്ദ്വപരികല്പന ബൈബിളിലെ അടിമത്ത വീക്ഷണത്തിൽ ഉണ്ട്. പുതിയനിയമത്തിൽ പഴയമനുഷ്യൻ/പുതുമനുഷ്യൻ ഈ അടിസ്ഥാനത്തിലാണത് അടയാളപ്പെടുത്തിയിട്ടുള്ളത്. പാപത്തിന് ദാസനായി/അടിമപ്പെട്ടിരിക്കുന്ന സ്ഥിതിയാണ് പഴയമനുഷ്യന്റേത്. അധർമ്മ ത്തിനും അശുദ്ധിക്കും വിധേയമായ അവയവങ്ങളെ വിശുദ്ധീകരണത്തിനായി നീതിക്കു അടിമകളാക്കുന്ന സ്ഥിതിയിലെത്തുമ്പോൾ പുതുമനുഷ്യൻ ജനിക്കുന്നു. പാപദാസ്യത്തിൽ നിന്നും മോചനം നേടി ദൈവദാസ്യത്വം സ്വീകരിക്കുന്നതി ലൂടെയാണ് വിശുദ്ധീകരണം സാധ്യമാകുന്നത്. ആത്മീയ അടിമത്തത്തിലൂടെ സംജാതമാകുന്ന നവതലം നിത്യജീവന്റേതാണ്. അമർത്യതയിലേക്കുള്ള

പ്രയാണമാണ് മനുഷ്യൻ നിർവ്വഹിക്കേണ്ടതെന്ന പുതിയനിയമദർശനം ശ്രദ്ധേയമാണ്. അത് സാക്ഷാൽ സ്വാതന്ത്ര്യമാണെന്ന് ബൈബിൾ ഉദ്ഘോഷിക്കുന്നു. ഉച്ച-നീചത്വങ്ങളില്ലാത്ത സമഭാവനയുടെ ലോകനിർമ്മിതിക്കായുള്ള യത്നം അതിലുണ്ട്.

സാർവ്വദേശീയ, വംശീയ അടിമത്തത്തിൽ നിന്നുള്ള വിമോചനം സാക്ഷാത്ക്കരിക്കാനുള്ള സംരംഭങ്ങളാണ് പുതിയനിയമചരിത്രത്തിലുള്ളത്. ക്രിസ്തുവിൽ കരഗതമാകുന്ന സ്വാതന്ത്ര്യം വിഭാഗീയതകളെ തച്ചുടയ്ക്കുന്നു. 'യഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല, ആണും പെണ്ണും എന്നുമില്ല' (ഗലാ: 3: 28) അപ്പൊസ്തലനായ പൗലോസ് പ്രഘോഷിക്കുന്ന ഈ പ്രസ്താവനയിൽ, ദേശപരമായും ലിംഗപരമായും അതിർവരമ്പുകൾ ഇല്ലായ്മ ചെയ്ത് വ്യക്തിയെ സ്വത്വബോധത്തിൽ നിലനിർത്താനുള്ള വിശാലവീക്ഷണമുണ്ട്. 'അടിമ സകലത്തിനും അവകാശിയാകുന്നില്ല' എന്ന പാരമ്പര്യവിധിന്യായത്തിന് വിപരീതമാണത്. ഇവയെ വ്യക്തമാക്കാൻ പൗലോസ് രണ്ടു രൂപകങ്ങൾ രേഖപ്പെടുത്തുന്നു: 'ദാസിയുടെ മകൻ', 'സ്വതന്ത്രയുടെ മകൻ'. ഒന്ന് സീനായ് മലയിൽ നിന്നുണ്ടായി അടിമകളെ പ്രസവിക്കുന്നു, അതു ഹാഗാർ, മറ്റേതു യരുശലേമിൽ നിന്നുള്ള സ്വതന്ത്ര പ്രസവിച്ചവൻ. 'ദാസിയുടെ മകൻ സ്വതന്ത്രയുടെ മകനോടു കൂടെ അവകാശി ആകയില്ല' (ഗലാത്യർ 4: 30). ഈ നിയമത്തിന്റെ സാധൂകരണമാണ് ഹാഗാറിന്റെ ജീവചരിത്രത്തിലുള്ളത്.

ദാസന്മാരോടും യജമാനന്മാരോടുമുള്ള ഇടപെടലുകളിൽ പരസ്പരം പുലർത്തേണ്ട മര്യാദകളെക്കുറിച്ച് പുതിയനിയമലേഖനങ്ങളിൽ വ്യക്തമായ പരാമർശങ്ങളുണ്ട്.

> "ദാസന്മാരേ, ജഡപ്രകാരം യജമാനന്മാരായവരെ ക്രിസ്തുവിനെപ്പോലെ തന്നേ ഹൃദയത്തിന്റെ ഏകാഗ്രതയിൽ ഭയത്തോടും വിറയലോടും കൂടെ അനുസ രിപ്പിൻ" (എഫെസ്യർ: 6: 5).
>
> "യജമാനന്മാരേ, അവരുടെയും നിങ്ങളുടെയും യജമാനൻ സ്വർഗ്ഗത്തിൽ ഉണ്ടെന്നും അവന്റെ പക്കൽ മുഖപക്ഷം ഇല്ലെന്നും അറിഞ്ഞുകൊണ്ടു അങ്ങനെ തന്നേ അവരോടു പെരുമാറുകയും ഭീഷണിവാക്കു ഒഴിക്കയും ചെയ്‌വിൻ' (എഫെ: 6: 9).
>
> 'യജമാനന്മാരേ, നിങ്ങൾക്കും സ്വർഗ്ഗത്തിൽ യജമാനൻ ഉണ്ടു എന്നറിഞ്ഞു ദാസന്മാരോടു നീതിയും ന്യായവും ആചരിപ്പിൻ"
> (കൊലൊ: 4: 1).

ഇത്തരം വിശദീകരണ ങ്ങൾക്കു പുറമെ ഫിലേമോൻ എന്ന വ്യക്തിക്ക് പൗലോസ് എഴുതുന്ന ഒരു ലേഖനം തന്നെ ഒനേസിമൊസ് എന്ന

അടിമയെക്കുറിച്ചാണ്. ജീവിതത്തിലെ പിഴവുകൾ തിരുത്തിയ അടിമയെ തിരികെ സ്വീകരിക്കാനുള്ള ആഹ്വാനമാണതിലുള്ളത്. മാനുഷിക ആശങ്ക കൾക്കുപരി സാമ്പത്തികപരിഗണനയും അടിമ/ഉടമ ബന്ധത്തിലുണ്ടെന്ന് ആ ലേഖനത്തിൽ പറയുന്നു. മുൻവിധികൾ കൂടാതെ 'ദാസനു മീതെ പ്രിയ സ്നേഹിത'നെന്നപോലെ ഒനേസിമൊസിനെ സ്വീകരിക്കണമെന്നാണ് പൗലോസ് ഫിലേമോനോട് ആവശ്യപ്പെടുന്നത്. യജമാനനും ദാസനുമായുള്ള ആശയവിനിമയത്തിൽ, സമത്വാധിഷ്ഠിതസാഹോദര്യദർശനം ഉയിർകൊള്ള ണമെന്ന ശക്തമായ കാഴ്ചപ്പാടുണ്ട്. അടിമ/ഉടമബന്ധം ദൈവകേന്ദ്രിതമായ നീതിവ്യവസ്ഥയിൽ തളയ്ക്കപ്പെട്ട ഏകതാനത കൈവരിക്കുന്നു. വ്യവസ്ഥിതി നീക്കം ചെയ്യപ്പെടുന്നില്ലാ, എങ്കിലും അവകാശഅധികാരങ്ങളിൽ വിശ്വാസ ത്തിന്റെ നിയന്ത്രണം ഉണ്ടാകുന്നു.

പുതിയനിയമ നിലപാടുകളെ വിലയിരുത്തുമ്പോൾ അടിമത്തത്തിന്റെ ബാഹ്യമായ അവസ്ഥകൾക്കു വിമോചനം സിദ്ധിക്കുന്നത് ആത്മീയസ്വാത ന്ത്ര്യത്തിലൂടെയാണെന്നു മനസ്സിലാക്കാം. വ്യക്തിയെ അടിമത്തത്തിലേയ്ക്ക് നയിക്കുന്നതിൽ രോഗവും മറ്റു സാമൂഹികാവസ്ഥയും പ്രധാന പങ്ക് വഹിക്കുന്നു. രോഗബന്ധനത്തിൽ നിന്ന് മോചനം നല്കുന്നത് സാമൂഹികസ്വാതന്ത്ര്യത്തിന് നിദാനമായും കണ്ടു. പഴയനിയമത്തിൽ യഹോവയായ ദൈവം മോശെ മുഖാന്തരം നല്കിയ ന്യായപ്രമാണവിധികളെ നടപടി ക്രമത്തിൽ പിന്തുടർന്ന വരാണ് യഹൂദാറബ്ബിമാരും ഭരണകർത്താക്കളും. ആ പാരമ്പ ര്യത്തിന്റെ ഭാഗമായി നിലകൊള്ളുമ്പോഴും യേശു അവയ്ക്കു ബദലായി പുതിയൊരു വിമോ ചനവ്യവസ്ഥിതിയ്ക്കു രൂപം നല്കുകയാണ് ന്യായപ്രമാണനിവൃത്തി സാധ്യമാ കുന്നത് സമത്വാധിഷ്ഠിതസാഹചര്യം സംജാതമാകുന്നതിലൂടെയാണെന്ന് യേശു പഠിപ്പിച്ചു; പ്രാവൃത്തികമാക്കി. ബൈബിൾഭാഷ്യത്തിൽ 'വേർപാടിന്റെ നടുച്ചുവർ ഇടിച്ചു കളഞ്ഞു' (എഫെസ്യർ: 2: 14). ക്രിസ്തുവിൽ വിഭാഗീയത ഇല്ലാ താകുന്നതിലൂടെ അടിമത്തനിർമ്മാർജ്ജനതലത്തിലേക്ക് ഉയരുകയാണെന്ന് പുതിയനിയമചരിത്രം ഉദ്ഘോഷിക്കുന്നു.

## ഉപസംഹാരം

ബൈബിളിലെ അടിമത്തത്തെക്കുറിച്ചുള്ള ചരിത്രാത്മകഅന്വേഷണം എത്തി നിൽക്കുന്നത് വിശ്വാസാധിഷ്ഠിതസമീപനത്തിലാണ്. പ്രവാസവും പലായനവും സൃഷ്ടിച്ച സങ്കീർണ്ണതകളിലൂടെ യിസ്രായേൽജനത അനുഭവിച്ച അടിമത്ത ത്തിന്റെ ദീർഘവിവരണമാണ് പഴയനിയമചരിത്രത്തിലുള്ളത്. പ്രവചനപു സ്തകങ്ങളിലും ഇതിന്റെ പിന്തുടർച്ചാചിത്രം അവതീർണ്ണമാകുന്നു. ശാരീരിക,

മാനസിക സംഘർഷങ്ങൾക്കൊടുവിൽ വാഗ്ദത്തദേശത്ത് എത്തിച്ചേരുന്ന യിസ്രായേൽജനത്തിനു നൽകുന്ന മുന്നറിയിപ്പുകളിലും നിയമവ്യവസ്ഥയിലും അടിമത്താവസ്ഥയ്ക്കു ഇളവുകൾ അനുവദിക്കുന്നുണ്ട്. സ്വാതന്ത്ര്യത്തിന്റെ/വിമോചനത്തിന്റെ ഒരു സംവത്സരം (യോബേൽ). അതു പ്രകൃതിക്കും മനുഷ്യർക്കും ഒരു പോലെ സ്വാതന്ത്ര്യം നല്കുന്നതാണ്.

പുതിയനിയമചരിത്രത്തിലാകട്ടെ, ക്രൈസ്തവസംസ്കാരത്തിന്റെ കഴമ്പുറ്റ ദർശനങ്ങളിലൊന്നായി അടിമത്തവിചിന്തനങ്ങൾ മാറുന്നു. ജാതീയ, പാർശ്വവത്കൃത, ലിംഗാധിഷ്ഠിതവ്യവസ്ഥകളെ പൊളിച്ചെഴുതി നവലോകനിർമ്മിതിക്കായുള്ള യത്നങ്ങൾക്കു ചുക്കാൻ പിടിക്കുകയാണ് ക്രിസ്തുവും ക്രിസ്തുമാതൃകകളും. അവയെ മുൻനിർത്തി അടിമത്തത്തെക്കുറിച്ച് സമഗ്രമായ ഒരു വിവരണം പില്ക്കാലലേഖനങ്ങളിലും ഉണ്ട്. അതിലെല്ലാം പാപത്തിനു ദാസന്മാരായിരിക്കരുതെന്ന താക്കീതും ക്രിസ്തുവിൽ ലഭ്യമാകുന്ന ആത്മീയസ്വാതന്ത്ര്യവും വിശദമാക്കുന്നു. ചുരുക്കത്തിൽ ബാഹ്യമായ അടിമത്തം വിശ്വാസത്തിന്റെ ആഴങ്ങളിൽ വേരൂന്നി, സർവ്വസ്വതന്ത്രമായ മാനവികതയുടെ തലത്തിൽ വളർന്നു പന്തലിക്കുന്നു.

## ആധാരസൂചി

1. ഗ്ലാഡ്സ്റ്റൺ ജെ.ഡബ്ല്യൂ. റൈറ്റ് റവ. ഡോ., കേരളത്തിലെ പ്രൊട്ടസ്റ്റന്റ് ക്രിസ്തുമതവും ബഹുജനപ്രസ്ഥാനങ്ങളും, സി.ഡി.-സിദ്ധി പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2004.
2. തോമസ് എം.എം., ഡോ, വിമോചകനായ ദൈവം (ദൈവശാസ്ത്രദർശനം), ക്രൈസ്തവസാഹിത്യസമിതി, തിരുവല്ല, 1996.
3. പ്രേംജിത് കുമാർ റ്റി.ബി., റവ.(ഡോ.), കേരളത്തിലെ സ്ത്രീശാക്തീകരണവും ലണ്ടൻമിഷനറി പ്രസ്ഥാനവും, റെയ്വൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2014.
4. പോൾ ചിറക്കരോട്, ദലിത് ക്രൈസ്തവർ കേരളത്തിൽ, റെയ്വൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2018.
5. സത്യവേദപുസ്തകം, ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ, 2006, മഹാത്മാ ഗാന്ധി റോഡ്, ബാംഗ്ലൂർ.
6. Gabriele Dietrich & Bas Wielenga, Towards Understanding Indian Society, CSS, Thiruvalla, 2012.

*smithasarga@gmail.com*